11/04/2022, 12:04 Document 385_4.jpg

# UNIVERSITY OF KERALA

**Thiruvananthapuram, Kerala, India - 695034**

(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

EO(1).5342/2022 05.04.2022

## മരം വിൽപന - ദർഘാസ് & ലേലം നോട്ടീസ്

പാളയം യൂണിവേഴ്സിറ്റി കാംപസിൽ അപകടകരമായി നിൽക്കുന്ന 1 മഴ മരം വിലയ്ക്കെടുത്ത് മുറിച്ച് നീക്കം ചെയ്യാൻ യോഗ്യരായ വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല എന്ന പേരിൽ എടുത്ത 200 രൂപയുടെ ഡി.ഡി.യായി (എസ്.ബി.ഐ, കെയു.ഒ.സി. ബ്രാഞ്ചിൽ മാറാവുന്നത്) ഇ.എം.ഡിയും വെള്ളപ്പേപ്പറിൽ ദർഘാസും അപേക്ഷകന്റെ പേരും മേൽ വിലാസവും തിരിച്ചറിയൽ രേഖകളുടെ പകർപ്പും ജി.എസ്.ടി നമ്പരും (രജിസ്ട്രേഷൻ ഉണ്ടെങ്കിൽ മാത്രം) ഫോൺ നമ്പരും രേഖപ്പെടുത്തി 4-ാം മാസം 18-ാം തീയതി രാവിലെ 11:30 മണിക്ക് മുൻപായി പാളയത്തെ കേരള സർവകലാശാല ആസ്ഥാനത്തിലെ എസ്റ്റേറ്റ് ആഫീസിൽ എത്തിക്കേണ്ടതാണ്.

പ്രസ്തുത മരത്തിന്റെ വിൽപ്പനക്കായി അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 3:30 മണിക്ക് എസ്റ്റേറ്റ് ഓഫീസറുടെ കാര്യാലയത്തിൽ വച്ച് ഒരു പൊതു ലേലവും നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല എന്ന പേരിൽ എടുത്ത 200 രൂപയുടെ ഡി.ഡി. ആയി ഇ.എം.ഡി സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത മരം നേരിൽ കാണുന്നതിന് സർവകലാശാലയുടെ ആസ്ഥാന മന്ദിരം എസ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ദർഘാസ് ലഭിക്കുന്ന വ്യക്തി ലേലതുകയുടെ 50% ഉടൻ കെട്ടി വയ്ക്കേണ്ടതാണ്. ബാക്കി തുകയും ലേല തുകയുടെ 5% വന വികസന നികുതിയും വന വികസന നികുതിയുടെയും വിൽപന നികുതിയുടെയും 18% ജി.എസ്.ടി. യും മറ്റ് നിയമാനുസൃത നികുതികളും 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതും 10 ദിവസത്തിനകം ടി മരങ്ങൾ മുറിച്ച് സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

എസ്റ്റേറ്റ് ഓഫീസർ

https://mail.google.com/mail/u/1/#inbox/WhctKKXPlqmmtVjdFmdXBRNJsdZwWDCmlKPCJLbFQFLsrHhpTbrcZdDVbbnjpglRlDfcrGB?projector=1… 1/1